**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4821** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഡി.എസ്.ആർ പുതുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് കരാർ ജോലികളുടെ അടങ്കൽ തുക നിലവിൽ ഏത് വർഷത്തെ ഡി.എസ്.ആർ പ്രകാരമാണ് കണക്കാക്കുന്നത്; എല്ലാ വർഷവും ഇത് പുതുക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | 13.08.2021 ലെ ജി.ഒ (പി) നം. 114/2021/ഫിൻ പ്രകാരം നിലവിൽ പൊതുമരാമത്ത് കരാർ പ്രവൃത്തികളുടെ അടങ്കൽ തുക DSoR 2018 പ്രകാരമാണ് നടപ്പിലാക്കുന്നത്.<br><br>DSoR എല്ലാ വർഷവും പുതുക്കാറില്ല. 26.02.2025 ലെ ജി.ഒ(പി) നം. 21/2025/ഫിൻ പ്രകാരം എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും 01.04.2025 മുതൽ DSoR 2021 പ്രാബല്യത്തിൽ വരുത്താൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വില കൂടിയിട്ടും ആനുപാതികമായി ഡി.എസ്.ആർ പുതുക്കാത്തത് പ്രവൃത്തികളുടെ ഗുണനിലവാരത്തെ ബാധിക്കാതിരിക്കുന്നതിന് എന്തൊക്കെ മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | നിലവിലെ DSR പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്മേൽ DSR+10%, LMR, Quoted rate എന്നിവ പരിഗണിച്ചാണ് ടെണ്ടർ അംഗീകരിക്കുന്നത്. കരാറുകാർ ടെണ്ടർ എക്സസ് 10% ന് മുകളിൽ ക്വാട്ട് ചെയ്യുന്ന അവസരത്തിൽ പ്രവൃത്തിയുടെ പ്രത്യേകത പരിഗണിച്ച് സർക്കാർ അനുമതിയോടു കൂടി കരാർ തുക അംഗീകരിക്കാറുണ്ട്. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാതിരിക്കാൻ PWD Manual, PWD ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ പ്രകാരമുള്ള എല്ലാ ഗുണനിലവാര പരിശോധനകളും ഓരോ പ്രവൃത്തിയിലും ചെയ്യാറുണ്ട്. കൂടാതെ SBD യിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിയ്ക്കാറുണ്ട്. |
| (സി) | വിപണി വില അടിസ്ഥാനമാക്കി കെ.എസ്.ആർ നിരക്കിലേക്ക് മാറ്റുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ വ്യക്തമാക്കുമോ; ഈ രീതിയിലേക്ക് മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ടോ? | (സി) | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് DSoR ന് പകരം കേരള ഷെഡ്യൂൾ ഓഫ് റേറ്റ്സ് (KSoR/കെ.എസ്.ആർ) പ്രാബല്യത്തിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ